(ബി) ജോലിക്ഷമതയും കർത്തവ്യബോധവും കണക്കാക്കിയാണ് ഉദ്യോഗസ്ഥരെ എസ്.ബി.സി.ഐ.ഡി.-യിൽ നിയമിക്കാറുള്ളത്. പ്രാവീണ്യം നേടിയ ഉദ്യോഗസ്ഥരെയാണ് ഇന്റലിജൻസ് വിഭാഗത്തിന് അത്യാവശ്യം. സ്പെഷ്യൽ ബ്രാഞ്ചിലെ തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരെ സംസ്ഥാന തലത്തിലും ദേശീയതലത്തിലും വിവിധ പരിശീലന കോഴ്സുകൾക്ക് പരിവായി അയയ്ക്കാറുണ്ട്. ഇൻഡ്യയിലെ പ്രമുഖ അന്വേഷണ ഏജൻസികളുടെ നേതൃത്വത്തിൽ നടത്തുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കി സംസ്ഥാനത്തും അന്യ സംസ്ഥാനങ്ങളിൽ നടക്കുന്ന ഭീകര പ്രവർത്തനങ്ങൾ തടയുന്നതിനും കണ്ടുപിടിക്കുന്നതിനും ഇവരെ പ്രാപ്തരാക്കുന്നുണ്ട്. ഇങ്ങനെ പ്രത്യേകം പരിശീലനം സിദ്ധിച്ചിട്ടുള്ളവരും സത്യസന്ധതയോടും കർമ്മശേഷിയോടും കൂടി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ 5 വർഷമോ അതിലധികമോ വർഷം തുടരാൻ അനുവദിക്കുന്നത് അഭികാമ്യമായിരിക്കും. സംസ്ഥാന സർക്കാരിന്റെ മറ്റ് അവിദഗ്ദ്ധ മേഖലകളിൽ ഇപ്പോൾ അനുവർത്തിച്ചുവരുന്ന 3 വർഷത്തിൽ ഒരിക്കലുള്ള സ്ഥലംമാറ്റം സ്പെഷ്യൽ ബ്രാഞ്ചിലും കൃത്യമായി നടപ്പിലാക്കുകയാണെങ്കിൽ ആയത് വകുപ്പിന്റെ പ്രവർത്തനക്ഷമതയെ ദോഷകരമായി ബാധിക്കാൻ ഇടയുണ്ട്.

പി. എസ്. സി. നിയമനങ്ങളിലെ തിരിമറികൾ

71 (T1818) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി. എസ്. സി. നിയമനങ്ങളിലെ തിരിമറികളും വ്യാജ ഉത്തരവുകൾ കൈപ്പറ്റി ജോലിക്ക് ഹാജരായതുമായി ബന്ധപ്പെട്ട് ഏതൊക്കെ സ്റ്റേഷനുകളിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വയനാട് ജില്ലയിലെ കൽപ്പറ്റ പോലീസ് സ്റ്റേഷനിലും പാലക്കാട് ജില്ലയിലെ ടൗൺ പോലീസ് സ്റ്റേഷനിലും ഓരോ പരാതികൾ വീതം ലഭിച്ചിട്ടുണ്ട്.

ഡി.ജി.പി. തസ്തികയിൽ ഉള്ള ഉദ്യോഗസ്ഥർ

72 (T1819) ശ്രീ. എം. മുരളി :

ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ഡിജിപി തസ്തികയിലുള്ള എത്ര ഉദ്യോഗസ്ഥർ ഉണ്ട് :

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഏതെല്ലാം കാലയളവിലാണ് ഡിജിപി. പദവി നൽകിയത് ;

(സി) ഇപ്പോൾ ഇവർ ഏതെല്ലാം തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്നു ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2009 ജൂൺ മാസത്തിൽ ഡി.ജി.പി. പദവി ലഭിച്ച പ്രേംശങ്കർ ഫയർഫോഴ്സ് കമാൻഡന്റ് ജനറലായി നിയമനം തേടി സർക്കാരിനെ സമീപിക്കുകയുണ്ടായോ ;

(ഇ) അദ്ദേഹത്തിന്റെ അപേക്ഷ അംഗീകരിച്ചോ ; ഇല്ലായെങ്കിൽ അതിന്റെ കാരണമെന്ത് ;

(എഫ്) ഡി.ജി.പി. നിയമനത്തിൽ സീനിയോറിറ്റി കണക്കിലെടുക്കണമെന്ന് സുപ്രീം കോടതിയുടെ ഉത്തരവ് നിലവിൽ ഉണ്ടോ ;

(ജി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഡി.ജി.പി. തസ്തികയിൽ ഒരാളും ഡി.ജി.പി. ഗ്രേഡിൽ 3 പേരും സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ബി&സി)

ക്രമ നമ്പർ	പേര്	തസ്തിക	ഡി.ജി.പി. പദവി നൽകിയ തീയതി
1	ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്.	പോലീസ് ഡയറക്ടർ ജനറൽ, കേരളം	ജൂൺ 2008
2	ശ്രീ. കെ. പി. സോമരാജൻ ഐ.പി.എസ്.	ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ	ഡിസംബർ 2008
3	ശ്രീ. കെ. ജി. പ്രേംശങ്കർ ഐ.പി.എസ്	മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഡി.സി	ജൂൺ 2009
4	ഡോ. സി. ബി. മാത്യൂസ് ഐ.പി.എസ്	കമണ്ടാന്റ് ജനറൽ ഫയർ & റെസ്ക്യൂ സർവ്വീസ്, ഹോം ഗാർഡ്സ്&സിവിൽ ഡിഫൻസ്	നവംബർ 2010

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്&ജി) സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നിയമന രീതി നിഷ്കർഷിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly